## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 18.10.2025 മുതൽ 22.10.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 41/2025 (82) വെള്ളിയാഴ്ച | തീയ്യതി 17/10/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 18.10.2025 | 19.10.2025 | 20.10.2025 | 21.10.2025 | 22.10.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 3 | 2 | 1 | 2 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 31 | 31 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 180 | 200 | 180 | 200 | 180 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 17 മുതൽ 21 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിന് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | - | കൊയ്ത്തുസമയം |
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | ബാക്റ്റീരിയൽ ഇല കരിച്ചിൽ | 2 % ചാണകത്തെളി - സ്യൂഡോമോണസ് മിശ്രിതം 10 ദിവസം ഇടവിട്ട് രണ്ട് പ്രാവശ്യം തളിക്കുക. |
| | ഓലചുരുട്ടി പുഴു | ഒരു ഏക്കർ പാടശേഖരത്തിനു 2 സി സി ട്രൈക്കോഗ്രാമ്മ മുട്ട കാർഡ് പല കഷണങ്ങളായി മുറിച്ചു വയലിൻറ്റെ പല ഭാഗങ്ങളിലായി ഓലയുടെ അടിഭാഗത്ത് കുത്തി വയ്ക്കുക. അല്ലെങ്കിൽ 2 മി.ലി. ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | കൂമ്പുചീയൽ | മണ്ട വൃത്തിയാക്കിയ ശേഷം 10 ശതമാനം ബോർഡോപേസ്റ് പുരട്ടുകയും ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. |
| | മഹാളി, ഇല അഴുകൽ | ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |

മൽസ്യസംരക്ഷണം -: കുളങ്ങളിലെ വെള്ളത്തിൽ അമ്ലത വ്യതിയാനത്തിന് സാധ്യത ഉള്ളതിനാൽ വെള്ളം പരിശോധിച്ച ശേഷം ബണ്ടുകളിൽ ആവശ്യാനുസരണം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.